# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 168 — 07.03.2018 — ൽ മറുപടിക്ക്

## ഭക്ഷ്യ പൊതുവിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>,, അനൂപ് ജേക്കബ്<br>,, അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഭക്ഷ്യ പൊതുവിതരണം സുതാര്യവും കാര്യക്ഷമവും അഴിമതിമുക്തവുമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഏപ്രിൽ അവസാനത്തോടെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻസാധനങ്ങൾ എത്തിച്ചു വരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകി വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും. റേഷൻ പ്രതിമാസ വിഹിതം വകുപ്പിന്റെ പോർട്ടലിൽ (civilsupplieskerala.gov.in) പ്രദർശിപ്പിച്ചിട്ടുണ്ട്. |

റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കി വരുന്നു.

(ബി) ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഏർപ്പെടുത്തിയ കംപ്യൂട്ടർവൽക്കരണം പൂർണ്ണ തോതിൽ നടപ്പിലായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കാമോ;

(ബി) നിലവിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 ഏപ്രിൽ അവസാനത്തോടെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി രേഖ തയ്യാറാക്കിയിരുന്നോ;

(ഡി) ഈ സർക്കാർ ഇക്കാര്യത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

(സി) യും (ഡി) യും ഉണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും, ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന മാനദണ്ഡങ്ങളും പ്രകാരം ഈ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. ആയത് അന്തിമ ഘട്ടത്തിലാണ്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ എൻ.ഐ.സി.യാണ് വികസിപ്പിക്കുന്നത്. ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചു കഴിയുന്നതോടെ എഫ്.സി.ഐ.യിൽ നിന്ന് ഭക്ഷ്യധാന്യം എടുക്കുന്നതു മുതൽ ഉപഭോക്താവിന് ലഭിക്കുന്നത് വരെയുള്ള കാര്യങ്ങൾ പൊതുജനങ്ങൾക്ക് വകുപ്പിന്റെ സൈറ്റിൽ കാണാൻ സാധിക്കും.

*സെക്ഷൻ ഓഫീസർ*